## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1269 — 04/12/2014-ൽ മറുപടിയ്ക്ക്

### ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പു നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പു നടപടികൾ എത്രത്തോളമായെന്നു വ്യക്തമാക്കുമോ ; | (എ) ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പു നടപടികൾ അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ 26-06-2014-ൽ കാലഹരണപ്പെട്ടു. |
| (ബി) സ്ഥലമെടുപ്പു നടപടികൾക്ക് 2006-ൽ ഉത്തരവായിട്ടും ഇതുവരെ പ്രവർത്തനങ്ങൾ തുടങ്ങാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; | (ബി) ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ഭൂമിയും അലൈൻമെന്റും പൊരുത്തപ്പെടാത്തതിനാൽ ആയത് വീണ്ടും തിരുത്തി ഉത്തരവാകേണ്ടി വന്നു. അതനുസരിച്ച് 15-03-2012-ൽ പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചു. 10-09-2013, 24-10-2013 തീയതികളിൽ ജില്ലാതല പർച്ചേസ് കമ്മിറ്റി ചേർന്ന് ചർച്ച നടത്തിയെങ്കിലും വില സംബന്ധിച്ച് ധാരണയിലെത്താൻ കഴിയാഞ്ഞതിനാൽ എൽ.എ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അവാർഡ് പാസ്സാക്കാൻ ഫണ്ടിന് അപേക്ഷിച്ചെങ്കിലും അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ സ്ഥലമെടുപ്പു നടപടികൾ 26-06-2014-ൽ കാലഹരണപ്പെട്ടു. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായത് ആരുടെ ഭാഗത്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (സി) & (ഡി) | 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ഏറ്റെടുക്കേണ്ട ഭൂമിയും അലൈൻമെന്റും പൊരുത്തപ്പെടാത്തതിനാൽ ആയത് വീണ്ടും തിരുത്തി ഉത്തരവാകേണ്ടിവന്നതുകൊണ്ടും അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതുകൊണ്ടുമാണ് സ്ഥലമെടുപ്പു നടപടിയ്ക്ക് കാലതാമസം ഉണ്ടായത്. |
| (ഡി) | ഉത്തരവാദിത്ത രഹിതമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരി ക്കുമോ ; | | |
| (ഇ) | ഈ പ്രവൃത്തി തുടരുവാൻ പ്രത്യേക സർക്കാർ ഉത്തരവിനായി കളക്ടർ നിർദ്ദേശം സമർപ്പിച്ചതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഇ) | സ്ഥലമെടുപ്പു നടപടികൾക്ക് വീണ്ടും അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ 26-10-14-ൽ സമർപ്പിച്ച പ്രപ്പോസൽ 60260/ബി2/2014/റവ ഫയലായി പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായത്തിനായി കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.